കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - കെ.എസ്.ആർ.ടി.സി ഉടമസ്ഥതയിലുള്ള RN 765( KL-15-9050) എന്ന ഡബിൾ ഡക്കർ ബസ്സ് മൂന്നാറിലെ ടൂറിസ്സം ആവശ്യത്തിലേയ്ക്ക് രൂപമാറ്റം വരുത്തി ഉപയോഗിക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 501/2024/ഗതാ** **തീയതി, തിരുവനന്തപുരം , 28/12/2024**

പരാമർശം:- (1) 18/03/2023 തീയതിയിലെ സ.ഉ.(സാധാ) നം. 114/2023/ട്രാൻസ്

(2) ഗതാഗത കമ്മീഷണറുടെ 04/06/2024, 20/12/2024 തീയതികളിലെ ML3/003740/2022 നമ്പർ കത്ത്

പരാമർശം (1) ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള KL-15-587, KL-15-9051 എന്നീ ഡബിൾ ഡക്കർ ബസ്സുകൾ ഓപ്പൺ ഡബിൾ ഡക്കർ ബസ്സുകളായി രൂപമാറ്റം വരുത്തി ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

കെ.എസ്.ആർ.ടി.സി. ഉടമസ്ഥതയിലുള്ള RN765 (KL-15-9050) എന്ന ഡബിൾ ഡെക്കർ ബസ്സ് മൂന്നാറിലെ ടൂറിസം പ്രമോഷന്റെ ആവശ്യത്തിലേയ്ക്ക് ചുവടെ പറയുന്ന മാറ്റങ്ങൾ വരുത്തി ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം CMD, KSRTC സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

- ബോഡി സ്ട്രക്ചറിൽ മാറ്റം വരുത്താതെ ബസ്സിന്റെ രണ്ട് വശങ്ങളിലും മുമ്പിലും പുറകിലും റൂഫിലും ഉള്ള തകിട് നീക്കം ചെയ്ത് Reinforced, toughened glass ഘടിപ്പിക്കുന്നതിന്.
- വിവിധ നിറങ്ങളിലുള്ള എൽ.ഇ.ഡി. ലൈറ്റുകൾ അകവശത്തും ഗ്ലാസ്സുകളുടെ സൈഡിലും വീൽ ആർച്ചറിലും ഘടിപ്പിക്കുന്നതിന്.
- പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (Audio System) ഘടിപ്പിക്കുന്നതിന്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യാത്രക്കാരെ പ്രതികൂല കാലാവസ്ഥയിൽ നിന്നും സംരക്ഷിക്കുന്നതിനായി ഒരു റിട്രാക്ടിബിൾ റൂഫ് ഘടിപ്പിക്കണമെന്ന നിബന്ധനയോടെയും യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്ക് യാതൊരു ഭംഗവും വരാത്ത രീതിയിൽ സർവ്വീസ് നടത്തുമെന്ന് ഉറപ്പാക്കേണ്ടത് കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെ പൂർണ്ണ

ഉത്തരവാദിത്വത്തിലായിരിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായും 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 334 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള RN765 (KL-15-9050) എന്ന ഡബിൾ ഡക്കർ ബസ്സിന്റെ ബോഡി സ്ട്രക്ചറിൽ മാറ്റം വരുത്താതെ രണ്ട് വശങ്ങളിലും മുമ്പിലും പുറകിലും റൂഫിലും ഉള്ള തകിട് നീക്കം ചെയ്ത് Reinforced, toughened glass ഘടിപ്പിക്കുന്നതിനും വിവിധ നിറങ്ങളിലുള്ള എൽ.ഇ.ഡി. ലൈറ്റുകൾ അകവശത്തും ഗ്ലാസ്സുകളുടെ സൈഡിലും വീൽ ആർച്ചറിലും ഘടിപ്പിക്കുന്നതിനും പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (Audio System) ഘടിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം )

ഷീല.എം,
അഡീഷണൽ സെക്രട്ടറി
സെക്രട്ടറിയ്ക്ക് വേണ്ടി

To

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
സി.എം.ഡി. കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം)
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ